17336
2/11/16

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **എറണാകുളം ജില്ല** - വിഷം ചേർന്ന മരുന്ന് കഴിക്കാനിടയായതിനെ തുടർന്ന് 9 വർഷം ശരീരം തളർന്ന് കിടക്കുകയും തുടർന്ന് മരണമടയുകയും ചെയ്ത ഡോ.ബൈജുവിന്റെ കുടുംബത്തിന് സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം:554/16/റവ. തിരുവനന്തപുരം, തീയതി, 31.10.2016

==========================================================================

**ഉത്തരവ്**

വിഷം ചേർന്ന മരുന്ന് കഴിക്കാനിടയായതിനെ തുടർന്ന് 9 വർഷം ശരീരം തളർന്ന് കിടക്കുകയും തുടർന്ന് മരണമടയുകയും ചെയ്ത ബൈസൺവാലി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ ഡോ.ബൈജുവിന്റെ മാതാപിതാക്കൾക്ക് അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക അവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ച് നൽകുവാൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ഡോ.ബൈജുവിന്റെ കുട്ടികൾക്ക് (2 പേർ) ഒരു ലക്ഷം രൂപാ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് കുട്ടികൾ പ്രായപൂർത്തിയാകുന്നതുവരെ അവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

2) ടി **7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **എറണാകുളം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പി.എച്ച്.കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**ജില്ലാ കളക്ടർ, എറണാകുളം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ